പാർലമെന്റിൽ അവതരിപ്പിച്ചു. എന്നാൽ 13-ാം ലോക്സഭ പിരിച്ചുവിട്ടതിനാൽ ഇത് പാസ്സാക്കുവാനായില്ല.

(ബി) പരാതിയൊന്നും ലഭിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പ്രവാസികൾക്കായി ഇൻഷ്വറൻസ് പദ്ധതി

71 [2501] *ശ്രീ. ടി. എം. ജേക്കബ്:*
,, *ജോണി നെല്ലൂർ:*
,, *ആർ. ബാലകൃഷ്ണപിള്ള:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ഷിബു ബേബി ജോൺ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്രപേർ ഇതിൽ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ട് എന്നും, എത്ര രൂപയാണ് സഹായം നൽകിയത് എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിലൂടെ സഹായം ലഭിച്ചവരുടെ പേരുവിവരവും വിലാസവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) — (ഡി) വിവരം ശേഖരിച്ചു വരുന്നു.

നോർക്കയിലൂടെ വിദേശമലയാളികൾക്ക് നൽകിവരുന്ന സഹായങ്ങൾ

72 [2502] *ശ്രീ. ചെർക്കളം അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ മലയാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നോർക്കയിലൂടെ സർക്കാർ നൽകിവരുന്നത് എന്ന് വിശദമാക്കുമോ;

(ബി) മറുനാടൻ മലയാളികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു?

ഉത്തരം

(എ) വിദേശ മലയാളികൾക്കായി നോർക്ക നടത്തിവരുന്ന സേവനങ്ങൾ ഇപ്രകാരമാണ്. തൊഴിൽ വിസയുടെ നിജസ്ഥിതി അന്വേഷിച്ചറിയുക, വിദേശത്ത് കാണാതായവരെ അന്വേഷിച്ചു കണ്ടെത്തി നാട്ടിലെത്തിക്കുക, കള്ളക്കേസുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

കുടുങ്ങി ജയിലുകളിൽ കഴിയുന്നവരെ മോചിപ്പിക്കുക, സ്പോൺസറുടെയും മറ്റും അന്യായ തടങ്കലിൽ കഴിയുന്നവരെ മോചിപ്പിക്കുക, തൊഴിൽ നഷ്ടപ്പെട്ട് വിദേശത്ത് അലയുന്നവരെ കണ്ടുപിടിച്ച് നാട്ടിൽ എത്തിക്കുക, അപകടത്തിൽപ്പെട്ടവർക്ക് ആശ്വാസ നടപടികൾ ലഭ്യമാക്കുക, വിദേശത്ത് മരിച്ചവരുടെ മൃതദേഹം കാലവിളംബം കൂടാതെ നാട്ടിലെത്തിക്കുക, തൊഴിൽ തർക്കങ്ങൾ ന്യായമായി പരിഹരിക്കുക, വിവിധ പ്രശ്നങ്ങളിൻമേൽ നിയമസഹായം നൽകുക, തൊഴിലുടമയിൽ നിന്നും ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ സഹായിക്കുക, തൊഴിൽ തേടിപ്പോകുന്നവരുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് സഹായിക്കുക, കുവൈറ്റ് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സഹായിക്കുക, പ്രവാസികളുടെ നാട്ടിലുള്ള കുടുംബാംഗങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന വേണ്ട പരിഹാരം കാണാൻ സഹായിക്കുക.

(ബി) മറുനാടൻ മലയാളികളുടെ പ്രധാന ആവശ്യങ്ങളിലൊന്നാണ് സംസ്ഥാന സർക്കാരിൽ നിന്നും ഒരു തിരിച്ചറിയൽ കാർഡ് നൽകുക എന്നുള്ളത്. 2002-ൽ സംഘടിപ്പിച്ച വിദേശ മലയാളികളുടെ കൂട്ടായ്മയായ സമവായത്തിലും 2003-ലെ മറുനാടൻ മലയാളികളുടെ കൂട്ടായ്മയായ സമന്വയത്തിലും ഈ ആവശ്യം ഉയർന്നുവന്നതിന്റെ ഫലമായി 2005 ആഗസ്റ്റിൽ തിരുവനന്തപുരത്ത് വച്ച് നടക്കുന്ന സമവായത്തിൽവച്ച് പ്രവാസികൾക്കായി ഒരു സ്മാർട്ട് കാർഡ് വിതരണം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ സാന്ത്വന (നോർക്ക മന്ത്രിയുടെ, സഹായനിധി) പദ്ധതിയിൽ നിന്നും കഴിഞ്ഞ സുനാമി ദുരന്തത്തിൽപ്പെട്ട് കഷ്ടതയനുഭവിച്ച ചെന്നൈയിലെ മലയാളി കുടുംബങ്ങൾക്ക് 3,60,000 രൂപ സഹായമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഡൽഹിയിലെ ശാന്തിമുകുന്ദ് ഹോസ്പിറ്റലിൽ പീഡനത്തിനിരയായി കണ്ണു നഷ്ടപ്പെട്ട ഒരു പെൺകുട്ടിക്ക് 25,000 രൂപ ഈ നിധിയിൽ നിന്ന് നൽകുകയുണ്ടായി. ന്യൂഡൽഹി റെയിൽവെ സ്റ്റേഷനിൽവച്ച് അപകടത്തിൽപ്പെട്ട് ഓപ്പറേഷനു വിധേയയായ ഒരു സ്ത്രീക്ക് ഈ നിധിയിൽ നിന്നും 13,000 രൂപയും സർക്കാർ നൽകുകയുണ്ടായി.

ഖത്തറിൽ നിന്നുള്ള ഉന്നതതല സംഘവുമായി നടത്തിയ ചർച്ച

73 [2504] *ശ്രീ. വി. ജെ. പൗലോസ്:*
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *ഇ. എം. അഗസ്തി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂൺ മാസം ഖത്തറിൽ നിന്ന് ഉന്നതതല സംഘം സംസ്ഥാനത്തെത്തിയിരുന്നുവോ എന്ന് അറിയിക്കുമോ;

(ബി) ഈ സംഘവുമായി നടത്തിയ ചർച്ചയിൽ എന്തെല്ലാം വികസന പദ്ധതികൾ അവരുടെ പരിഗണനയ്ക്ക് വച്ചു;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് മുതൽ മുടക്കാൻ അവർ സമ്മതിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly